Malayala Manorama 03-08-2021 (Page.13)

# സെന്റ് ഗിറ്റ്സിൽ വെബിനാർ പരമ്പര 7 മുതൽ

കോട്ടയം ● രാജ്യത്തെ സാമ്പത്തിക പരിഷ്കാരങ്ങളുടെ 30-ാം വർഷികത്തോടനുബന്ധിച്ചു പാത്താമുട്ടം സെന്റ് ഗിറ്റ്സ് കോളജ് ഓഫ് അപ്ലൈഡ് സയൻസസ് ദേശീയ വെബിനാർ പരമ്പര നടത്തും.

7ന് 11ന് ജയറാം രമേശ് എംപി ഉദ്ഘാടനം ചെയ്യും. 17ന് സമാപിക്കും. പ്ലാനിങ് കമ്മിഷൻ മുൻ ഉപാധ്യക്ഷൻ ഡോ. എം.എസ്. അലുവാലിയ, മുൻമന്ത്രി തോമസ് ഐസക്, ഐബിഎസ് ചെയർമാൻ വി.കെ.മാത്യൂസ്, സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജിങ് ഡയറക്ടർ മുരളി രാമകൃഷ്ണൻ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ ഡയറക്ടർ ഡോ. കെ. ജെ. ജോസഫ് എന്നിവർ വിവിധ ദിവസങ്ങളിൽ പങ്കെടുക്കും.

സെന്റ് ഗിറ്റ്സ് കോളജിലെ കോർപറേറ്റ് ഇക്കണോമിക്സ് വിഭാഗവും കോളജ് ഐക്യുഎസിയും ചേർന്നു സംഘടിപ്പിക്കുന്ന പരിപാടിയുടെ ഭാഗമായി കോളജ് വിദ്യാർഥികൾക്കു ദിവസവും വിവിധ മത്സരങ്ങൾ നടത്തുമെന്നു പ്രിൻസിപ്പൽ ഡോ. കെ.കെ. ജോൺ, ജനറൽ കൺവീനർ അനു സക്കറിയ, പിആർഒ ടോം ദാസ്, പ്രഫ. മനു മോഹൻ എന്നിവർ അറിയിച്ചു. ഫോൺ: 8589095052.